4. ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. പാലോട് രവി : സർ, ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

5. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

10.11 AM]

VIII. ക്രമപ്രശ്നം

(1) എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ അച്ചടി സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ അച്ചടി സംബന്ധിച്ച ക്രമപ്രശ്നമാണ് ഉന്നയിക്കുന്നത്. 2015 മാർച്ച് മാസം നടന്ന എസ്.എസ്എൽ.സി. പരീക്ഷയുടെ ഇൻഫർമേഷൻ ടെക്നോളജി പരീക്ഷ (ന്യൂ സ്കീം) ഓൺലൈനായിട്ടാണ് നടത്തിയത്. അതിനുള്ള ചോദ്യപേപ്പർ അച്ചടിച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി നൽകിയത്. പരീക്ഷാ സെക്രട്ടറി ഒപ്പിട്ടുനൽകിയ രേഖയിൽ പറഞ്ഞിട്ടുള്ളത് ഈ പരീക്ഷയ്ക്കായി 6 ലക്ഷത്തിലേറെ ചോദ്യപേപ്പർ അച്ചടിച്ചു എന്നാണ്. പേപ്പറുകളുടെ ബിൽ, പ്രിന്റിംഗ് പ്രസ്സ് പരീക്ഷാഭവന് കൈമാറിയിട്ടുണ്ട്. ഓൾഡ് സ്കീമിലെ കുട്ടികൾക്ക് മാത്രമാണ് ചോദ്യപേപ്പർ അച്ചടിച്ച് നൽകിയതെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പറഞ്ഞിട്ടുള്ളത്, അത് വെറും 91540 ചോദ്യപേപ്പറുകൾ മാത്രമാണ്. ലക്ഷക്കണക്കിന് രൂപയുടെ വെട്ടിപ്പ് ഇതിലൂടെ നടന്നിട്ടുണ്ട്. ഓൺലൈനായി നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ അനാവശ്യമായി അച്ചടിച്ചത് പരീക്ഷയുടെ ഗൗരവസ്വഭാവവും രഹസ്യസ്വഭാവവും നഷ്ടപ്പെടുത്തുന്നത് മാത്രമാണ്. അഴിമതിയും കെടുകാര്യസ്ഥതയും മൂടിവച്ച് സഭയിൽ വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ മറുപടിയാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയിരിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് അന്വേഷണം നടത്തി നിജഃസ്ഥിതി സഭയെ അറിയിക്കാനും തെറ്റുകൾ തിരുത്താനും അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly